മാധ്യമം
ലൈവ്
പത്തനംതിട്ട
2017 മേയ് 15 • തിങ്കൾ

പത്തനംതിട്ട സമത സഹ. സൂപ്പർമാർക്കറ്റിലെ സ്കൂൾ വിപണി

സ്കൂളിലേക്ക് മടക്കത്തിന്റെ തിരക്കിലാണ് വീട്ടുകങ്ങൾ. അതിനായി കാര്യങ്ങൾ ഏറെ ഒപ്പിക്കണം. ബാഗ്, യൂനിഫോം, ഷൂ, കുട, പുസ്തകങ്ങൾ അങ്ങനെ പലതും വേണം. ചെലവേറെ വരുന്ന ഈ ഓട്ടപ്പാച്ചിലിന്റെ വഴിയിലാണ് രക്ഷിതാക്കൾ. കുട്ടികളെ ആകർഷിക്കാനുള്ള വിദ്യകൾ ഒപ്പിച്ച് വിപണിയും ഒപ്പം കൂടുന്നു. സ്കൂൾ ഒരുക്കങ്ങളുടെ വിശേഷങ്ങളുമായി ലൈവ്...

അണിഞ്ഞൊരുങ്ങി BACK TO SCHOOL

ബാഹുബലിയല്ല, താരം പുലിമുരുകൻ

ബാഹുബലി ഇറങ്ങിയിട്ടും പുലിമുരുകനാണ് സ്കൂൾ വിപണിയിൽ താരം. പുലിമുരുകൻ ബാഗിനാണ് ഇത്തവണ വലിയ ഡിമാൻഡ്. ഇത്തരത്തിൽ കുട്ടികളെ ആകർഷിക്കാൻ സകലതന്ത്രങ്ങളും പയറ്റുകയാണ് സ്കൂൾ സാമഗ്രികൾ നിർമിക്കുന്ന കമ്പനികൾ. കുടയുടെ കാര്യത്തിലാണ് ഏറ്റവും വലിയ മത്സരം. വിസിൽകുട, മുത്തുകൾ പിടിപ്പിച്ച കുട, വെള്ളം ചീറ്റുന്ന കുട, തൊപ്പിക്കുട ഇതൊക്കെ ഇത്തവണയും വിപണിയിലുണ്ട്. തൊപ്പിക്കുടയും ചേന്നില പോലെ വീഴുന്ന വെള്ളം തെറിക്കുന്ന തുണിയുമാണ് മാർക്കറ്റിലെ ഏറ്റവും പുതിയ ആകർഷണം.

മഴ പെയ്താൽ ബാഗ് നനയുമെന്ന കുരുന്നുകളുടെ വേവലാതിക്ക് ഇക്കുറി പരിഹാരമുണ്ട്. പുതിയ ബാഗിനൊരു കുടയെന്ന പേരിൽ. മഴ പെയ്താൽ പുറത്തിടാനായി വെള്ളം പിടിക്കാത്ത കവറാണ് പുതിയ ആകർഷണം.

ഇത്തരം തന്ത്രങ്ങൾ എല്ലാമായി ജില്ലയിൽ സ്കൂൾ വിപണി സജീവമായി. ടൗൺ പ്രദേശങ്ങളിലെ കടകളിൽ പ്രത്യേകം സ്റ്റാളുകൾ സജ്ജീകരിച്ചാണ് സ്കൂൾ വിപണി. ബാഗ്, കുട, ചോറ്റുപാത്രം, ഇൻസ്ട്രുമെന്റ് ബോക്സ്, പെൻസിൽ, പേന തുടങ്ങി കുട്ടികൾക്ക് ആവശ്യമായ എല്ലാം സാധനങ്ങളും ഒരേനിടത്ത് ഒരുക്കുന്നു. സാധാരണ കടകളിലും സൂപ്പർ മാർക്കറ്റുകളിലും സഹ. സ്റ്റോറുകളിലും സ്കൂൾ ചന്തകൾ പ്രവർത്തിക്കുന്നു.

കുട്ടികളെ ആകർഷിക്കാൻ വിവിധ തന്ത്രങ്ങളും വ്യാപാരികൾ ആവിഷ്കരിച്ചു. ബാഗുകളിലും മറ്റും കുട്ടികളുടെ ഇഷ്ട കാർട്ടൂൺ കഥാപാത്രങ്ങളാണ് പുറംകവറുകളിൽ നിറയുന്നത്. മിക്കവർക്കും പുലിമുരുകൻ ബാഗുകളോടാണ് താൽപര്യം. കടകളിൽ ആദ്യം എത്തിയാൽ കുട്ടികൾ പുലിമുരുകൻ ബാഗുകൾ ആവശ്യപ്പെടുന്നു. പത്തനംതിട്ട സമത സഹ. സൂപ്പർ മാർക്കറ്റിന്റെ സ്കൂൾ വിപണിയിൽ അഞ്ച് മുതൽ 20 ശതമാനംവരെ വിലക്കുറവിലാണ് സാധനങ്ങൾ വിൽക്കുന്നത്. നോട്ട് ബുക്കുകൾ പൊതുവിപണിയെക്കാൾ 18 ശതമാനംവരെ വിലക്കുറച്ചാണ് വിൽപന.

എല്ലാ സാധനങ്ങളും കമ്പനികളിൽനിന്ന് നേരിട്ട് എടുക്കുന്നതിനാൽ വിലക്കുറവ് നൽകാൻ കഴിയുന്നതായി സമത അധികൃതർ പറഞ്ഞു. 450 മുതൽ 1000 രൂപ വരെയാണ് ബാഗുകളുടെ വില.

വാട്ടർ ബോട്ടിൽ -80 രൂപ മുതലും ലഞ്ച് ബോക്സ് -95 രൂപ മുതലും വിലയുണ്ട്. സ്റ്റീൽ ലഞ്ച് ബോക്സ് ഇത്തവണ കുടുതൽ വിറ്റഴിയുന്നു. സ്കൂളിൽ പോകാനും ട്യൂഷനു കൊണ്ടുപോകാനുമായി പ്രത്യേകം നിർമിച്ച ബാഗുകളും വിൽപനക്കുണ്ട്. ഡിസ്നി, സ്പൈഡർമാൻ, ഡോറ, അവഞ്ചേഴ്സ് ബാഗുകളോടാണ് കുട്ടികൾക്ക് കൂടുതൽ താൽപര്യം. 310 മുതൽ 1000 രൂപയുടെ വരെ കുടകളുണ്ട്. അഞ്ചു രൂപ മുതൽ 80 രൂപവരെയുള്ള നോട്ട്ബുക്കുകളുമുണ്ട്.

പി.ടി. തോമസ്

തരംഗമായി കുടുംബശ്രീ നോട്ട് ബുക്ക്

വൻകിട കമ്പനികൾ അരങ്ങു തകർക്കുന്ന നോട്ട് ബുക്ക് വിപണിയിൽ സ്വന്തം ഇടംപിടിക്കുകയാണ് കുടുംബശ്രീ യൂനിറ്റുകൾ

വൻകിട കമ്പനികൾ അരങ്ങുതകർക്കുന്ന നോട്ട് ബുക്ക് വിപണിയിൽ സ്വന്തം ഇടംപിടിക്കുകയാണ് കുടുംബശ്രീ യൂനിറ്റുകൾ. നോട്ട് ബുക്കുകൾ എത്തിക്കുന്ന തിരക്കിലാണ് നെടുമ്പ്രത്തെ വിദ്യ ബുക്ക് ബൈൻഡിങ് കുടുംബശ്രീ യൂനിറ്റ്. 10 പേർ അടങ്ങുന്ന ഈ യൂനിറ്റ് നിർമിക്കുന്ന നോട്ട് ബുക്കുകൾ ഓരോ സ്കൂൾ സീസൺ ആരംഭിക്കുമ്പോഴും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ എത്തുന്നു.

ഏപ്രിൽ, മേയ് മാസങ്ങൾ നോട്ട് ബുക്കുകൾ നിർമിക്കുന്ന തിരക്കിലാണ്. നോട്ട് ബുക്കുകൾ വിവിധ കടകളിൽ വിൽപനക്കായി യൂനിറ്റ് അംഗങ്ങൾതന്നെ എത്തിക്കുന്നു. മുൻകൂട്ടി ലഭിക്കുന്ന ഓർഡർ അനുസരിച്ചും ബുക്കുകൾ നിർമിക്കാറുണ്ട്. കൂടാതെ ചില സന്നദ്ധ സംഘടനകൾ സ്കൂളുകളിൽ കുട്ടികൾക്ക് നോട്ട് ബുക്കുകൾ വിതരണം ചെയ്യാനും ഇവരുടെ പക്കൽനിന്നാണ് വാങ്ങുന്നത്.

നെടുമ്പ്രം ഒറ്റത്തെങ്ങ് ജങ്ഷനിലുള്ള യൂനിറ്റ് 12 വർഷമായി പ്രവർത്തിക്കുന്നു. തങ്കമണിയാണ് യൂനിറ്റ് സെക്രട്ടറി. പ്രസിഡന്റ് ആശ എസ്. ദാസ്.

നെടുമ്പ്രത്തെ വിദ്യ ബുക്ക് ബൈൻഡിങ് കുടുംബശ്രീ യൂനിറ്റ്

കുടുംബശ്രീ യൂനിറ്റ്

ബാഗ് നിർമാണത്തിലും കുടുംബശ്രീ

250 രൂപ മുതൽ 1000വരെ വിലയുള്ള ബാഗുകൾ ഒരു വർഷത്തിനുള്ളിൽ കേടുപാടുകൾ സംഭവിച്ചാൽ മാറ്റിക്കൊടുക്കാമെന്ന ഉറപ്പുമുണ്ട്

സ്കൂൾ ബാഗുകൾ നിർമിച്ചു വിപണിയിൽ സജീവമാകുകയാണ് കുമ്പഴയിലെ കുടുംബശ്രീ യൂനിറ്റായ ദിവ്യ റെക്സിസിൻ സെന്ററർ. ഓരോ സ്കൂൾ സീസണിലും 100 മുതൽ 2000 ബാഗുകൾവരെ ഇവർ വിപണിയിൽ എത്തിക്കുന്നു.

250 രൂപ മുതൽ 1000വരെ വിലയുള്ള ബാഗുകൾ ഒരു വർഷത്തിനുള്ളിൽ കേടുപാടുകൾ സംഭവിച്ചാൽ മാറ്റിക്കൊടുക്കാമെന്ന ഉറപ്പുമുണ്ട്. അതിനാൽ ഇവരുടെ സ്കൂൾ ബാഗുകൾ വാങ്ങാനെത്തുന്നവരും ഏറെയാണ്. പൊതുവിപണിക്ക് പുറമെ ജില്ലയിലെ നിരവധി സ്കൂളുകളിൽനിന്ന് ബാഗുകൾക്ക് ഓർഡർ കുടുംബശ്രീ യൂനിറ്റിനു ലഭിക്കാറുണ്ട്.

2003-ലാണ് പത്തനംതിട്ട നഗരസഭയിലെ 20ാം വാർഡിൽപെട്ട കുമ്പഴയിൽ ദിവ്യ കുടുംബശ്രീ ബാഗുകളുടെ നിർമാണ യൂനിറ്റ് ആരംഭിച്ചത്. അന്ന് ഏഴുപേർ ചേർന്ന് 30,000 രൂപ വായ്പയെടുത്താണ് തുടക്കം. ഇന്ന് സ്വന്തം പര്യാപ്തതനിൽ എത്തിയ യൂനിറ്റിൽ ഇരുപതിൽപരം സ്ത്രീകൾ പ്രവർത്തിക്കുന്നു. ഇതിനു നാന്നകതാം വഹിക്കുന്നത് കുടുംബശ്രീ യൂനിറ്റ് പ്രസിഡൻറ് അമ്പിളി ഡി. നായരാണ്.

ഓരോ വർഷം കഴിയുന്തോറും സ്കൂൾ സീസൺ അടുക്കുമ്പോൾ ബാഗുകളുടെ ഓർഡർ കൂടി വരുകയാണ്. വിവിധ ഇനം ഫാഷലുകൾ, തുണിസഞ്ചി, പേപ്പർ കാരി ബാഗുകൾ എന്നിവയും ഇവിടെ നിർമിക്കുന്നു.

മനോജ് പൂലിവേലിൽ

കുമ്പഴയിലെ കുടുംബശ്രീ യൂനിറ്റിലെ സ്കൂൾ ബാഗ് നിർമാണം

പന്തളം സ്കൂൾ വിപണി

സ്കൂൾ വിപണി രക്ഷിതാക്കൾക്ക് പൊള്ളും

നോട്ട് നിരോധനത്തിന്റെ ആഘാതവും റബറിന്റെ വിലയിടിവും കുടിയായപ്പോൾ റാന്നി മേഖലയിൽ സ്കൂൾ വിപണി നിർജീവമായി. കഴിഞ്ഞ വർഷത്തെ കച്ചവടത്തിന്റെ പകുതിപോലും ഇതുവരെയായിട്ടില്ലെന്ന് വ്യാപാരികൾ പറയുന്നു.

വരുംനാളുകളിൽ കൂടുതൽ കച്ചവടം കിട്ടുമെന്ന പ്രതീക്ഷയിലാണ് ഇവർ.

കുട, ബാഗ്, നോട്ട് ബുക്ക്, ചെരിപ്പ് എന്നിവയാണ് പ്രധാന കച്ചവടം. പുസ്തകങ്ങളും മറ്റും സ്കൂളിൽനിന്ന് ലഭിക്കും. സാമ്പത്തിക ബുദ്ധിമുട്ടുമൂലം രക്ഷിതാക്കൾ വിപണിയിലേക്ക് ഇറങ്ങാൻ വൈകുകയാണ്.

സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ കുട്ടികൾക്ക് അമിതമായ ഫീസ് നൽകി കുടുംബത്തിന്റെ നട്ടെല്ലൊടിയുന്നു.

നാലുതവണയായിട്ടാണ് ഫീസ് പിടിച്ചുപറിക്കുന്നത്. സാധാരണക്കാരുടെ കുട്ടികൾ ഇവിടെയെങ്ങാനും എത്തിയാൽ രക്ഷിതാക്കൾ അകപ്പെട്ടതു തന്നെ. സർക്കാർ സ്കൂളുകളിൽ കുട്ടികൾക്ക് സൗജന്യമായി പുസ്തകം, യൂനിഫോം എന്നിവ കൊടുക്കാൻ ഏർപ്പാടുണ്ട്. സ്കൂൾ കച്ചവടമാണ് വ്യാപാരികളുടെ പ്രധാന സീസണിൽ ഒന്ന്. അതിനാൽ ഓഫറുകളും ഡിസ്കൗണ്ടുകളും നൽകി ഉപഭോക്താക്കളെ പിടിക്കാനുള്ള തന്ത്രപാടിലാണ്.

പി.എച്ച്. റഷീദ്